# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2243** **04.11.2019 - ൽ മറുപടിക്ക്.**

## ആധാർ നമ്പർ ചോർത്തി റേഷൻ തട്ടിയെടുക്കുന്ന പരാതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.എൻ.എ ഖാദർ**<br>**,, എൻ.എ.നെല്ലിക്കുന്ന്**<br>**,, പി.ഉബൈദുള്ള**<br>**,, പി.കെ.അബ്ദു റബ്ബ് :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** ബയോമെട്രിക് സംവിധാനത്തിലൂടെ വ്യാജവിരലടയാളം പതിപ്പിച്ചും ആധാർ നമ്പർ ചോർത്തിയും സംസ്ഥാനത്ത് റേഷൻ തട്ടിയെടുക്കുന്നത് സംബന്ധിച്ച പരാതികളെന്തെങ്കിലും വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | **(എ)** ഇല്ല. എന്നാൽ 1103029248 എന്ന റേഷൻ കാർഡുടമ ആയ ശ്രീമതി നിഷയുടെ പേരിൽ 1103029348 നമ്പർ കാർഡുടമയായ ശ്രീമതി ഗീതയുടെ വിരലടയാളം എടുക്കുകയും ആയത് ആതന്റിക്കേറ്റ് ചെയ്യപ്പെടുകയും ചെയ്തു എന്ന ഒരു പിശക് പറ്റിയിട്ടുണ്ട്. ആയതു സംബന്ധിച്ച് ശ്രീമതി നിഷയുടെ പരാതി ലഭിച്ചിട്ടുണ്ട്. ടിയാളുടെ വിഹിതം പുനഃസ്ഥാപിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. |
| **(ബി)** ഇക്കാര്യത്തിൽ ലഭിച്ച രേഖാമൂലമുള്ളതും അല്ലാത്തതുമായ പരാതികൾ വകുപ്പ് അന്വേഷിച്ച് കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | **(ബി)** ഈ വിഷയം കൂടുതൽ പരിശോധനയ്ക്കായി കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ മുഖേന UIDAI യ്ക്ക് കൈമാറിയിട്ടുണ്ട്. |
| **(സി)** സംസ്ഥാനത്തെ റേഷൻ ഉപഭോക്താക്കളുടെ ആധാർ വിവരങ്ങൾ സിവിൽ സപ്ലൈസ് വകുപ്പിന്റെ സെർവറിൽ നിന്നും ചോർന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ? | **(സി)** ഇല്ല. |

*സെക്ഷൻ ഓഫീസർ*